	ബി ആൻറ് ആർ (20.2.1979 വരെ)	നാഷണൽ ഹൈവേ (1979 ജനുവരി അവസാനം വരെ)
തിരുവനന്തപുരം	12.70 ലക്ഷം	..
കൊല്ലം	18.00 ,,	5,78,271 രൂപ
ആലപ്പുഴ	8.00 ,,	2,13,104 ''
എറണാകുളം	..	4,73,497 '
കോട്ടയം	8.00 ''	..
മൂവാറ്റുപുഴ	6.00 ''	..
തൃശ്ശൂർ	2.50 ''	3,30,472 ''
പാലക്കാട്	8.90 ''	5,47,445 ''
മഞ്ചേരി	0.39 ''	..
കോഴിക്കോട്	11.00 ''	..
കണ്ണൂർ	4.00 ''	10,44,024 ''
ആകെ	79.49 ''	31,86,813 '

ചെമ്പ്—ബ്രഹ്മമംഗലം റോഡിന്റെ പണികൾ

731 [1066] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്ട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്പ്—ബ്രഹ്മമംഗലം റോഡിന്റെ പണികൾ ഉടനെ നടത്തണമെന്ന നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു;

(സി) ഉടനെ തന്നെ ആ റോഡിന്റെ പണി തുടങ്ങുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡ് ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.

(സി) ഈ റോഡ് ഗവൺമെൻറ് ഏറ്റെടുത്ത് കഴിഞ്ഞ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയ ശേഷം പണികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കുമരകം—വെച്ചൂർ റോഡിലെ പാലം പണി

732 [1067] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്ട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരകം—വെച്ചൂർ റോഡിന്റെ പൂർത്തീകരണത്തിന് ആവശ്യമായ ഇടയ്ക്കുള്ള പാലങ്ങളുടെ പണി എപ്പോൾ തുടങ്ങും;

(ബി) ഈ പാലം പണിയുന്നതിനുള്ള ടെൻറുകൾ ക്ഷണിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്ന് ഇതിന്റെ ടെൻറുകൾ ക്ഷണിക്കുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly